പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1183 — 20.03.2012 - ൽ മറുപടിക്ക്

## അങ്കമാലി ബൈപ്പാസ്

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പുമന്ത്രി) |
|---|---|---|
| (എ) 2011-2012 ബഡ്ജറ്റ് പ്രസംഗത്തിൽ 1000 കോടി രൂപയുടെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന അങ്കമാലി ബൈപ്പാസിനെ തിരുത്തൽ ബഡ്ജറ്റിൽ നിന്ന് ഒഴിവാക്കുവാനുണ്ടായ കാരണം വിശദമാക്കാമോ ;<br><br>(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ബൈപ്പാസ് പദ്ധതി നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ)<br>(ബി)<br>&<br>(സി) | അങ്കമാലി ബൈപ്പാസ് നിർമ്മാണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എൻ.എച്ച്.ഡി.പി.യിൽ ഉൾപ്പെടുത്തി ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യ എൻ.എച്ച്.47 – അങ്കമാലി - ആലുവ ഭാഗം, ലഭ്യമായ സ്ഥലത്ത് നാലുവരിപാതയാക്കി 31.05.2004 -ൽ പണി പൂർത്തീകരിച്ചു. നാലുവരിപാതയായി വികസിപ്പിച്ച ഭാഗം ഏകദേശം 3.30 കിലോമീറ്ററോളം വളരെയധികം തിരക്കുള്ളതും ഇടുങ്ങിയതുമായ അങ്കമാലി ടൗണിൽ കൂടി കടന്നുപോകുന്നു. സ്റ്റേറ്റ് ഹൈവേ നമ്പർ 1 (എം.സി.റോഡ്) തുടങ്ങുന്നതും ഇവിടെ നിന്നാണ്. ഈ ഭാഗത്തെ ലഭ്യമായ റൈറ്റ് ഓഫ് വേ (ROW) 25 മുതൽ 30 മീറ്ററാണ്. നാലുവരിപാതയാക്കുന്നതിന് തുടർന്നുള്ള സ്ഥലമെടുപ്പിനുള്ള നടപടികൾ ഒന്നും നടത്തിയിട്ടില്ല. അതുകാരണം സർവ്വീസ് റോഡിനോ, മീഡിയനോ, യൂട്ടിലിറ്റി കോറിഡോറിനോ ബസ് ബേയ്ക്കോ ആവശ്യമായ സ്ഥലം ഇപ്പോൾ അവിടെയില്ല. ഈ സാഹചര്യത്തിൽ ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യ ബൈപ്പാസിന്റെ പണി ഒഴികെ |

(സി) പൊതുമരാമത്ത് വകുപ്പിന്റെ 2745/D3/PWD/2006 ഫയലിൽ അങ്കമാലി ബൈപ്പാസ് നിർമ്മാണകാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

ബാക്കിയുള്ള ഭാഗത്തിന്റെ (അങ്കമാലി മുതൽ ആലുവ വരെ) പ്രോജക്റ്റ് പൂർത്തിയാക്കി.

തൃശ്ശൂർ മുതൽ അങ്കമാലി വരെയുള്ള ഭാഗത്തിന്റെ 4/6 വരിപാതയാക്കുന്നതിന്റെ പ്രോജക്റ്റ് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ആയതിനാൽ അങ്കമാലി ബൈപ്പാസിന്റെ പ്രോജക്റ്റ് ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയുടെ പരിഗണനയിലുമില്ല. 2745/ഡി3/2006/പൊമവ ഫയലിൽ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകുന്നതിന് 28.02.2006 -ന് ഉത്തരവായിരുന്നുവെങ്കിലും 01.03.2006 മുതൽ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. അങ്കമാലി ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.01.2012 -ന് ഒരു യോഗം കൂടി ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതിന് തീരുമാനിച്ചുവെങ്കിലും പ്രസ്തുതയോഗം 31.03.2012 -ലേക്ക് മാറ്റി വച്ചിട്ടുണ്ട്.

(ഡി) അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിനായി 9 കോടി രൂപ അനുവദിക്കുകയും പ്രസ്തുതതുക ലാപ്സാവുകയും ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ ?

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്കമാലി ബൈപ്പാസിനുവേണ്ടി ദേശീയപാതാ വിഭാഗത്തിൽ 2011-12 -ലെ ബഡ്ജറ്റിൽ തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

Lalitha

സെക്ഷൻ ഓഫീസർ